"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കെ.എസ്.ഡബ്ല്യൂ.എം.പി. - തലശ്ശേരി നഗരസഭ - ജി.ഐ.എസ്.ഉപയോഗിച്ച് വിവര ശേഖരണം നടത്തുന്നതിനുള്ള പദ്ധതി - പ്രവൃത്തിക്ക് ചെലവായ തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡബ്ല്യു.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.180/2024/LSGD തീയതി,തിരുവനന്തപുരം, 22-01-2024

---

പരാമർശം:- ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 03.07.2023-ലെ 1114/C2/2020/SM നമ്പർ കത്ത്.

**ഉത്തരവ്**

തലശ്ശേരി നഗരസഭയിൽ കെൽട്രോണിന്റെ സാങ്കേതിക സഹായത്തോടെ ജി.ഐ.എസ്. ഉപയോഗിച്ച് വിവര ശേഖരണം നടത്തുന്നതിനും ആയത് വിശകലനം ചെയ്യുന്നതിനുമായി കെ.എസ്.ഡബ്ല്യു.എം.പി. മുഖേന നടപ്പിലാക്കുന്ന പദ്ധതിക്ക് 24,72,100/- രൂപ ശുചിത്വ മിഷനിൽ നിന്നും അനുവദിക്കുന്നതിന് കെ.എസ്.ഡബ്ല്യു.എം.പി. സമർപ്പിച്ച പ്രൊപ്പോസൽ 30.07.2022-ന് ചേർന്ന ശുചിത്വ മിഷന്റെ 33-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ പരിഗണിക്കുകയും, എസ്.ബി.എം. (നഗരം) ഫണ്ടിൽ നിന്നും തുക അനുവദിക്കാൻ സാധിക്കുന്ന പക്ഷം ടി ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിനും അല്ലാത്ത പക്ഷം ശുചിത്വ കേരളം (നഗരം) ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിനും എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ടെന്ന് ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശത്തിലെ കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

(2) വിവര ശേഖരണം കെൽട്രോൺ മുഖേന പൂർത്തീകരിച്ചതായും ആയതിന്റെ ബിൽ തുകയായ 17,80,149/- രൂപ അനുവദിക്കണമെന്ന് കെ.എസ്.ഡബ്ല്യു.എം.പി. പ്രൊജക്ട് ഡയറക്ടർ ആവശ്യപ്പെട്ടിരിക്കുന്നതായും, എസ്.ബി.എം. (നഗരം) 2.0 പദ്ധതിയുടെ സംസ്ഥാനത്തിന്റെ CB ആക്ഷൻ പ്ലാനിന്റെ ഭാഗമായി സർവ്വേയ്ക്ക് 7,38,66,732/- രൂപയും, മാപ്പിംഗിന് 2,32,32,015/- രൂപയും ഉൾപ്പെടുത്തിയിട്ടുള്ളതും ആയതിനു 21.12.2022-ന് ചേർന്ന 7-ാമത് SBM-U NARC പ്രകാരം അംഗീകാരം ലഭിച്ചിട്ടുള്ളതാണെന്നും മേൽ സാഹചര്യത്തിൽ കെ.എസ്.ഡബ്ല്യു.എം.പി. പദ്ധതിയുടെ ഭാഗമായി തലശ്ശേരി നഗരസഭയിൽ കെൽട്രോണിന്റെ സാങ്കേതിക സഹായത്തോടെ ജി.ഐ.എസ്. ഉപയോഗിച്ച് വിവര ശേഖരണം നടപ്പിലാക്കിയ

പ്രവൃത്തിക്ക് ചെലവായ തുകയായ 17,80,149/- രൂപ ശുചിത്വ മിഷനിൽ ലഭ്യമായ എസ്.ബി.എം. (നഗരം) 2.0 പദ്ധതിയുടെ CB ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകണമെന്ന് ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശത്തിലെ കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കെ.എസ്.ഡബ്ല്യു.എം.പി. പദ്ധതിയുടെ ഭാഗമായി തലശ്ശേരി നഗരസഭയിൽ കെൽട്രോണിന്റെ സാങ്കേതിക സഹായത്തോടെ ജി.ഐ.എസ്. ഉപയോഗിച്ച് വിവര ശേഖരണം നടപ്പിലാക്കിയ പ്രവൃത്തിക്ക് ചെലവായ തുകയായ 17,80,149/- രൂപ ശുചിത്വ മിഷനിൽ ലഭ്യമായ എസ്.ബി.എം.(നഗരം) 2.0 പദ്ധതിയുടെ (CB Municipalities Head of Account 2217-05-192-48) CB ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത.കെ.എസ്.
അഡിഷണൽ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ.
പ്രോജക്ട് ഡയറക്ടർ, കെ.എസ്.ഡബ്ല്യു.എം.പി.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ് I) / (ഓഡിറ്റ് II), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ഐ&പി.ആർ. (വെബ് & ന്യൂ മീഡിയ) വകുപ്പ്
ധനകാര്യ വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
M.k.pradeesh Kumar
Date: 22-01-2024 16:54:59

പകർപ്പ് :-

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.ന്.

തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.